പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6698

09.07.2014 ൽ മറുപടിയ്ക്ക്

**യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അക്ഷരയുവത്വം സാഹിത്യ ക്യാമ്പ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ അക്ഷരയുവത്വം സാഹിത്യ ക്യാമ്പ് പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) കേരളത്തിലെ യുവ എഴുത്തുകാരുടെ കഴിവുകളെ പരിപോഷിപ്പിക്കുക, സാഹിത്യരംഗത്തെ പ്രഗത്ഭരുമായി സംവദിക്കുന്നതിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും അവസരമൊരുക്കുക, അതിലൂടെ യുവസാഹിത്യകാരെ പ്രചോദിപ്പിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്. |
| (സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കാമോ ; | (സി) കോഴിക്കോട് സരോവരം പാർക്കിൽ 2013 നവംബർ 9 മുതൽ 11 വരെയാണ് അക്ഷര യുവത്വം ക്യാമ്പ് സംഘടിപ്പിച്ചത്. ശ്രീ.എം.ടി വാസുദേവൻ നായർ, ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ള, ശ്രീ. എം.ജി.എസ്. നാരായണൻ, ശ്രീമതി.വിലാസിനി ടീച്ചർ, ശ്രീ.എം. മുകുന്ദൻ, ശ്രീ.കെ.ജയകുമാർ.ഐ.എ.എസ്, ശ്രീ.ടി.പി. രാജീവൻ, ശ്രീമതി. അനിതാ നായർ, പ്രൊഫ. വി.ആർ. സുധീഷ്, ശ്രീ.ടി.ഡി.രാമകൃഷ്ണൻ, ശ്രീ. സുഭാഷ് ചന്ദ്രൻ, ശ്രീ.കെ.പി.രാമനുണ്ണി, ശ്രീ.കെ.ഇ.എൻ. കുഞ്ഞഹമ്മദ്, ശ്രീ.പി.കെ.പാറക്കടവ്, ശ്രീ. ഗിരീഷ് പുലിയൂർ തുടങ്ങി സാഹിത്യമേഖലയിലെ അൻപതോളം പ്രമുഖരുടെ ക്ലാസ്സുകൾ, സംവാദം, അഭിമുഖം, അനുഭവം പങ്കുവയ്ക്കൽ എന്നിവ ഇതിനോടനുബന്ധിച്ച് നടന്നു. കൂടാതെ യുവ ചിത്രകാരൻമാർ അവരുടെ ക്യാൻവാസിൽ ക്യാമ്പിന്റെ ദൃശ്യങ്ങൾ തത്സമയം വരച്ച് പ്രദർശിപ്പിച്ചു. |
| (ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ